കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പാണാവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail : ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി9-1116/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 22.08.2017

**ഇ-മെയിൽ** – ddhglfalpy@gmail.com
**ഫോൺ** – 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണാവള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണാവള്ളി ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി9-1116/17 തീയതി. 22.08.2017

# ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 25.12.2016 മുതൽ 05.08.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 07.08.2017 മുതൽ<br>17.08.2017 വരെ | ശ്രീ. ആർ. രാജീവ്, ഓഡിറ്റ് ഓഫീസർ( ഹ.ഗ്രേ)<br>ശ്രീ. പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രഞ്ജു പ്രകാശ്, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

### 1. പ്രസിഡന്റ്

| | | |
|---|---|---|
| 1 | രാജേഷ് വിവേകാനന്ദ | 01.04.2016 മുതൽ 31.03.2017 വരെ |

**2. സെക്രട്ടറി**

| | | |
|---|---|---|
| 1 | മണിയപ്പൻ | 01.04.2016 മുതൽ 20.07.2016 വരെ |
| 2 | ജയറാം നായ്ക്കൻ | 21.07.2016 മുതൽ 22.01.2017 വരെ |
| 3 | അജ്മൽ. എ. ജെ | 23.01.2017മുതൽ 31.03.2017 വരെ |

**3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | സിന്ധു ബീവി | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | പ്രേംലാൽ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ഷീബാ സത്യൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | പി. കെ. സുശീലൻ | 01.04.2016 മുതൽ 31.03.2017 വരെ |

**4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ഷെറിൻ ഫിലിപ്പ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.അരുൺ മിത്ര | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.രാജേശ്വരി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. മന ജയൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഇ. മോളി | 01.04.2016മുതൽ 31.03.2017 വരെ |
| പ്രധാനാധ്യാപിക, എൽ.പി.എസ് | മൈഥിലിദേവി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സുഭാഷ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പാണാവള്ളി | ഡേവിഡ് ജോസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പാണാവള്ളി | സജിത | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സതീഷ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | പൊന്നമ്മ | 01.04.2016 മുതൽ 31.03.2017 വരെ |
| ആയുർവേദം | ഡോ.ദിവ്യ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ജയറാം നായ്ക്കൻ | 01.04.2016 മുതൽ 31.03.2017 വരെ |

***ഉള്ളടക്കം***

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ<br>1-9 വരെ | പൊതു അവലോകനം |

| | | |
|---|---|---|
| ഭാഗം – 2 | | |
| 2 | 2-1 | വസ്തുനികുതി പരിഷ്കരണം -നികുതി നിർണ്ണയത്തിലെ അപാകങ്ങൾ മൂലം വരുമാന നഷ്ടം |
| 3 | 2-2 | വസ്തുനികുതി പരിഷ്കരണം - അപാകങ്ങൾ |
| 4 | 2-3 | മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല. |
| 5 | 2-4 | തൊഴിൽ നികുതി പരിശോധന – അപാകതകൾ |
| 6 | 2-5 | പരസ്യനികുതി ഈടാക്കുന്നില്ല |
| 7 | 2-6 | ഇ-ടെണ്ടർ ടെണ്ടർഫീസിനത്തിലുള്ള തുക പഞ്ചായത്തിന് ലഭ്യമായില്ല |
| ഭാഗം – 3 | | |
| 8 | 3-1 | പാർട്ട് ടൈം ഫെറിമാൻ തസ്തികയിലുള്ള ജീവനക്കാരൻ നിലവിലിരിക്കെ പഞ്ചായത്തിലെ ഏക കടത്ത് നടത്തുന്നതിനായി ലേലം ചെയ്തു - അധിക ചെലവ് |
| 9 | 3-2 | ആയയുടെ വേതനം – അധികം തുക നല്കി |
| 10 | 3-3 | തെരുവ് വിളക്ക് - കറന്റ് ചാർജ്ജ് |
| 11 | 3-4 | പൊതു ടാപ്പ് - അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല |
| 12 | 3-5 | എയ്ഡഡ് സ്കൂൾ - ജലസംഭരണി വാങ്ങൽ -തുക നിരാകരിക്കുന്നു |
| 13 | 3-6 | ആരോഗ്യ ഇൻഷുറൻസ് |
| 14 | 3-7 | ഒ.ഡി.എഫ് - അഡ്വാൻസ് തുക നൽകിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. |
| 15 | 3-8 | തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 16 | 3-9 | പാലിയേറ്റീവ് പരിചരണം -അപാകങ്ങൾ |
| 17 | 3-10 | ഡെപ്പോസിറ്റ് വർക്കുകൾ- ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല |
| 18 | 3-11 | ബഡ്സ് സ്കൂൾ പ്രവർത്തന വിഹിതം (പ്രോജക്ട് നം-44/17)-പദ്ധതിപ്പണം ചെലവഴിക്കാതെ സൂക്ഷിക്കുന്നു |
| 19 | 3-12 | സാമൂഹ്യ സുരക്ഷമിഷൻ സംഭാവന- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 20 | 3-13 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ പൊതു ന്യൂനതകൾ |
| 21 | 3-14 | യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. |
| 22 | 3-15 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |
| ഭാഗം – 4 | | |
| 23 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 03.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 137040416 | 124532000 |
| വാർഷിക കണക്ക് പ്രകാരം | 58674195 | 47941640 |
| MGNREGS(EFMS) | 33269326 | 33269326 |
| DBT(Social Security Pension) | 39966600 | 39966600 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി. | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2016-17 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. | |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16044550 | 13687649 | 85.3 |
| വികസനഫണ്ട് എസ്.സി.പി. | 6898125 | 4356398 | 63.1 |
| വികസനഫണ്ട് ടി.എസ്.പി. | 276780 | 87600 | 31.6 |
| സംരക്ഷണഗ്രാന്റ് റോഡ് | 2396184 | 264555 | 11 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4752723 | 1914538 | 40.2 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8997616 | 6972305 | 77.4 |
| പെർഫോമൻസ് ഗ്രാന്റ് | 3755224 | 3038102 | 80.9 |
| എം.എൻ.ആർ. ഇ. ജി.എസ്. | 21808079 (മുന്നിരിപ്പ്-958) | 21807121 | (നീക്കിയിരിപ്പ്-13407) |
| ബി ഫണ്ട് | 41089680 | 41089680 | 100 |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 125 | 63144166 | 69 | 26175273 | 0 | 56 | 55.2 |

# 1-5 തനത് വരുമാനം.

<u>തനത് വരുമാനം.</u>

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 80.43 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3223433 | 5240829 | 2017396 | 62.59 |
| നികുതിയേതര വരവുകൾ | 613744 | 1300976 | 687232 | 111.97 |
| മറ്റ് വരവുകൾ | 58917 | 488114 | 429197 | 728.48 |
| **ആകെ** | **3896094** | **7029919** | **3133825** | **80.43** |

# 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം വിവിധ ക്ഷേപദ്ധതികളിലായി 4898 ഗുണഭോക്താക്കൾക്കായി 4,10,89,680/- രൂപ വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽ രഹിത വേതനം ഇനത്തിൽ 852 ഗുണഭോക്താക്കൾക്കായി 11,23,080/- രൂപയും കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ 347 ഗുണഭോക്താക്കൾക്കായി 25,92,900/- രൂപയും വിധവ പെൻഷൻ ഇനത്തിൽ 974 ഗുണഭോക്താക്കൾക്കായി 92,91,700/- രൂപയും വാർദ്ധക്യ കാല പെൻഷൻ ഇനത്തിൽ 2302 ഗുണഭോക്താക്കൾക്കായി 2,43,89,500/- രൂപയും വികലാംഗ പെൻഷൻ ഇനത്തിൽ 369 ഗുണഭോക്താക്കൾക്കായി 31,81,900/- രൂപയും 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ ഇനത്തിൽ 54 ഗുണഭോക്താക്കൾക്കായി 5,10,600/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.2017 2.30ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 481/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06/2017 | 05/2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/2016 | 2011-12 മുതൽ 2015-16 വരെ | 10/2016 |

# 1-9 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ)

ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2016-17 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. <u>രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം</u>

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2415 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5623 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2464 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2464 |
| ആകെ തൊഴിൽ ദിനങ്ങൾ | 77822 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 25 |

2. <u>ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ</u>

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 596 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 596 |
| തൻവർഷം പൂർത്തിയാക്കിയത് | 587 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | -- |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 9 |

3. <u>വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം</u>

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | വൃക്ഷത്തൈ | 9 | 92805 |
| 2 | സർക്കാർ വീട് | 478 | 25313496 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 25 | 1900220 |
| 4 | ജലസംരക്ഷണം | 17 | 1141700 |
| 5 | മറ്റുള്ളവ | 58 | 704800 |

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 വസ്തുനികുതി പരിഷ്ക്കരണം -നികുതി നിർണ്ണയത്തിലെ അപാകങ്ങൾ മൂലം വരുമാന നഷ്ടം

1. കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- മുതൽ 70/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. പാണാവള്ളി പഞ്ചായത്തിലെ 05-01-2012 ലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി 1 ചതുരശ്ര മീറ്ററിന് 70/- രൂപയാണ്. എന്നാൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഒരു കെട്ടിടത്തെ വിവിധ മുറികളായി മാത്രം കണക്കാക്കി വസ്തുനികുതി ചതുരശ്ര മീറ്ററിന് 50/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഒരേ ഉടമയുടെ ഒരു കെട്ടിടത്തിനെ വിവിധ മുറികളായി തിരിച്ച് മാത്രം നികുതി ഈടാക്കുന്നത് ശരിയായ രീതിയല്ല. ഇതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്. പുതുതായി നികുതി നിർണ്ണയിച്ച 100 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകളിലായി നിരവധി കടകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലെ ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിങ്ങളുടെ വസ്തുനികുതി ഒന്നിച്ച് ഒരു ചതുരശ്ര മീറ്ററിന് 70 രൂപ എന്ന നിരക്കിൽ നിശ്ചയിക്കുന്നതിനുപകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി 100 ച.മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് മാത്രം ബാധകമായ 50/- രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. 2011 മുതൽ പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളിലെല്ലാം ഇപ്രകാരമുള്ള കുറവ് വന്നിട്ടുള്ളതിനാൽ പലമുറികളായി നമ്പരിട്ട ഒരേ ഉടമയുടെ കെട്ടിടങ്ങളുടെ നികുതി പുനപരിശോധിച്ച് കൃത്യമായ നികുതി ഈടാക്കേണ്ടതാണ്.

| കെട്ടിട നം. | പേരും അഡ്രസ്സും, | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | വർദ്ധന (%) | ഈടാക്കിയ വസ്തു നികുതി & സെസ് | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാനവസ്തു നികുതിയും സെസും | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| 11/272A<br>11/272B | വി.പ്രമോദ്, ഡ്രീംസ്, പൂച്ചാക്കൽ | 126.90 | 20% (റോഡ് 5 മീറ്ററിൽ കൂടുതൽ) ട്രഷറി റോഡ് | 6663/- (63.45x2x70 +317) | 11193/- (126.90x70+ 20%+533(LC)) | Rs.4530/- |
| 12/196 A മുതൽ K വരെ | ലാലൻ, സുഗണൻ വാപ്പുഴവെളിയിൽ | 186.13 | - | 12339/- (14.33x50x5+ 19.08x50x6+LC593) | 13681/- (186.13x70+ LC 652) | Rs.1342/- |
| 11/484 B മുതൽ E വരെ | ഗോപിനാഥപിള്ള വടക്കേപുളിപ്പറമ്പിൽ | 110.16 | - | 6611 (18x50x2+19.44x 50+54.72x50+331) | 8097/- (110.16x70+ LC386) | Rs.1486/- |
| 1/425 H മുതൽ K വരെ | രാധാകൃഷ്ണൻ, അംബികാനിലയം, തൃച്ചാറ്റുകുളം | 163.70 | - | 8541/-(65.48x2x50+ 32.74x50+468) | 12032/- (163.70x70+573) | Rs.3491/- |
| | ആകെ | | | | | 10849 |

2. മെയ് 2016ൽ നികുതി നിർണ്ണയിച്ച ശ്രീ. കെ. വി. ജോർജ്ജ്,കണ്ണികാട്ട് നിഥിൻ വിഹാർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 6/199 A മുതൽ D വരെയുള്ള ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത് ഓടമ്പള്ളി – പൊന്നിട്ടകൊട്ടാരം റോഡരുകിലാണ്. പാണാവള്ളി ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണ വിഞ്ജാപന പ്രകാരം ഓടമ്പള്ളി – പൊന്നിട്ടകൊട്ടാരം റോഡിനിരുവശവും പ്രഥമ മേഖലയാണ്. എന്നാൽ ദ്വീതിയ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ 611.70 ച.മീറ്റർ ആകെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതിയിൽ 10% ഇളവ് നൽകിയിട്ടുണ്ട്. ഇതു പ്രകാരം 3212/- രൂപയുടെ നികുതി കുറവായാണ് ഈടാക്കിയത്.

3. ശ്രീ. കമറുദ്ദീൻ, പടിഞ്ഞാറെവെളിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 6/655 C എന്ന കെട്ടിടം അസസ്മെന്റ് രജിസ്റ്റർ പ്രകാരം വ്യവസായ ആവശ്യത്തിനുള്ള 30ച.മീ വിസ്തീർണ്ണമുള്ള കെട്ടിടമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ ഈ കെട്ടിടം പാർപ്പിടാവശ്യമെന്ന് രേഖപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വ്യവസായ ആവശ്യത്തിനുള്ള 30 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 60/- രൂപ നിരക്കിൽ 1890/- രൂപ (ലൈബ്രറി സെസ്സ് 90/- രൂപ ഉൾപ്പെടെ) നികുതി നഷ്ടം ഇതുമൂലമുണ്ടായിട്ടുണ്ട്.

കൂടാതെ ARV പ്രകാരം ടാക്സ് നിർണ്ണയിച്ചിട്ടുള്ള ഇത്തരം അപാകതകൾ ഉള്ള നിരവധി കെട്ടിടങ്ങൾക്ക് 100% വർദ്ധന വരുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. 5 മീറ്ററിലധികം വീതിയുള്ള പല റോഡുകളെയും സാംഖ്യ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയ കുറഞ്ഞ വീതിയിൽ കണക്കാക്കുന്നതിനാൽ റോഡിന്റെ തരം പ്രകാരം ലഭിക്കേണ്ട 20% നികുതി വർദ്ധന ലഭിക്കുന്നില്ല.

നികുതി നിർണ്ണയത്തിലെ അപാകം മൂലം കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതിന്റെ ഫലമായി പഞ്ചായത്തിന് സംഭവിച്ച വരുമാന നഷ്ടം ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.അല്ലാത്ത പക്ഷം നികുതി നിർണ്ണയിച്ച സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 2-2 വസ്തുനികുതി പരിഷ്ക്കരണം - അപാകങ്ങൾ

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം , നികുതി പിരിവ് എന്നിവ സംബന്ധിച്ച് താഴപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2013 മാർച്ച് 31 ന് വാർഷിക കണക്കുപ്രകാരം വസ്തു നികുതി (കറന്റ്) കുടിശ്ശിക 41,08,959/- രൂപയും കുടിശ്ശിക 467082/- രൂപയും ലഭിക്കാനുണ്ട്. 01.04.2013 മുതൽ പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനഃനിർണ്ണയിച്ചപ്പോൾ ലഭിക്കാനുണ്ടായിരുന്ന കുടിശ്ശിക മാന്വലായി ജനറേറ്റ് ചെയ്ത് ഈടാക്കിയതായി രേഖയില്ല.
2. പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി ഡാറ്റാ എൻട്രി പൂർത്തീകരിച്ച് മേൽ പരിശോധന നടത്തി ഉറപ്പുവരുത്തിയത് സംബന്ധിച്ച കൃത്യമായ വിവരങ്ങളില്ല.
3. പഞ്ചായത്തിൽ നിലവിൽ പ്രവർത്തനം നിർത്തിവച്ചിട്ടുള്ള മഡ്ഡി വാട്ടേഴ്സ്, കാപ്പികോ എന്നീ റിസോർട്ടുകളുടെ നികുതി ഇളവിനുള്ള ചട്ടം 21 പ്രകാരമുള്ള വേക്കൻസി റെമിഷൻ അപേക്ഷ ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തിൽ ലഭിച്ചതായി രേഖയില്ലാത്തതിനാൽ ഇവയുടെ നികുതി കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
4. വസ്തു നികുതി പുനഃനിർണ്ണയത്തിനുശേഷം കൂട്ടിച്ചേർക്കലുകൾ, ഘടനാപരമായ വ്യത്യാസം വരുത്തിയ കെട്ടിടങ്ങൾ എന്നിവ കണ്ടെത്തി നികുതി പുന നിർണ്ണയിച്ചതായി രേഖകളില്ല.
5. ഉപയോഗക്രമത്തിലുള്ള മാറ്റം അറിയിക്കാത്ത കെട്ടിട ഉടമകളിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിതിന്റെ വിവരങ്ങൾ ലഭിച്ചിട്ടില്ല.

## 2-3 മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലുള്ള 6 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും ഇവയിൽ ഒന്നുപോലും പഞ്ചായത്തിന് നികുതി നൽകുന്നില്ല. വസ്തു നികുതി ഡിമാന്റ് നോട്ടീസ് നൽകുന്നതല്ലാതെ ഇവക്ക് ചതുരശ്രമീറ്ററിന് 500/- രൂപ നിരക്കിൽ ബാധകമായ വസ്തുനികുതി ഈടാക്കുന്നതിനുള്ള നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ച് തുക ഈടാക്കുവാൻ പഞ്ചായത്ത്

നടപടി സ്വീകരിക്കുന്നില്ല. പഞ്ചായത്ത് നികുതി നിർണ്ണയിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട നം | നികുതി |
|---|---|---|---|
| 01 | റിലയൻസ് ഇൻഫ്രടെൽ ലിമിറ്റഡ് | 08/365 A | 3150/- |
| 02 | ബി.എസ്.എൻ.എൽ - | 07/190B | 5356/- |
| 03 | ഇൻഡസ് ടവേഴ്സ് | 05/148D | 5330 |
| 04 | ടവർ വിഷൻ | 11/290 T | 6300/- |
| 05 | ടാറ്റ | 07/222B | 4536/- |
| 06 | എസ്സാർ ടെലകോം | 12/176 | 8664 |

നികുതി ഈടാക്കുവാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടും നാളിതുവരെയുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങൾ കുടിശ്ശിക നികുതി ഒടുക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 210 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് തുക ഈടാക്കേണ്ടതാണ്.

# 2-4 തൊഴിൽ നികുതി പരിശോധന - അപാകതകൾ

2016-17 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട തുക |
|---|---|---|
| കെ.എസ്.ഇ.ബി, പൂച്ചാക്കൽ | രണ്ട് അർദ്ധവർഷങ്ങൾ | 2500 |
| ദീപ ഹോസ്പിറ്റൽ, പൂച്ചാക്കൽ | രണ്ടാം അർദ്ധവർഷം (ഒന്നാം അർദ്ധവർഷം രസീത് നം. 92679100054 /22.098.16 പ്രകാരം 1250/-രൂപ ഒടുക്കിയിട്ടുണ്ട്) | 1250 |
| അനുഗ്രഹ ബാങ്കേഴ്സ്, തൃച്ചാറ്റുകുളം | രണ്ട് അർദ്ധവർഷങ്ങൾ (2015-16 വർഷം 2500/- രൂപ (1150102032/28.09.15) ഈടാക്കിയിട്ടുണ്ട് . | 2500 |
| ആകെ | | 6,250/- |

2. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | മുൻ വർഷം / അർദ്ധവർഷം | റിമാർക്ക്സ് |
|---|---|---|---|

| | | ഈടാക്കിയ നികുതി | |
|---|---|---|---|
| 1. | യുണിക്ക് ഇൻഡസ്ട്രീസ്, പാണാവള്ളി | 4500 | 2015-16 വർഷം രണ്ട് അർദ്ധവർഷങ്ങളിലും 2250/- രൂപ വീതം ഈടാക്കിയിട്ടുണ്ട്. (11501100931/04.06.15, 11601101199/ 30.06.16) എന്നാൽ, 2016-17 വർഷം തുക ഈടാക്കിയിട്ടില്ല. |
| 2. | അനുഗ്രഹ ബാങ്കേഴ്സ്, തൃച്ചാറ്റുകുളം | 180 | 2016-17 വർഷം രണ്ടാം അർദ്ധ വർഷം 180/- രൂപ (11601104231/01.03.17)ഈടാക്കിയിട്ടുണ്ട്. എന്നാൽ, ഒന്നാം അർദ്ധവർഷം തുക ഈടാക്കിയിട്ടില്ല. |
| 3 | തൃച്ചാറ്റുകുളം ദേവസ്വം ഓഫീസ് | 14500 | 2015-16 വർഷം തൊഴിൽ നികുതി ഇനത്തിൽ ഒന്നാം അർദ്ധവർഷം 9250/-രൂപയും (11501102062 / 30.09.15) രണ്ടാം അർദ്ധവർഷം 7250/- രൂപയും (11501104703 / 31.03.16 ) ഒടുക്കിയിട്ടുണ്ട്. എന്നാൽ, 2016-17 വർഷം തുക ഈടാക്കിയിട്ടില്ല. |
| ആകെ നഷ്ടം | | 19180 | |

6. കൊച്ചിൻ കോസ്മോസ് ഫുഡ് ലിമി., അഞ്ചുതറയിൽ അച്ചാർ എക്സ്പോർട്ടിംങ്സ്, അവന്ത നാച്വറൽസ്, യുണിക്ക് ഇൻഡസ്ട്രീസ് (ടൈൽ) എന്നീ എക്സ്പോർട്ടിംഗ് കമ്പനികളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

7. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എക്സ്പോർട്ടിംഗ്, മാർജിൻ ഫ്രീ മാർക്കറ്റ്, ടൈൽ വില്പ്പന നടത്തുന്നതിനുള്ള കട, കെട്ടിട നിർമ്മാണ സാമഗ്രികൾ എന്നിവയുൾപ്പെടെ താരതമ്യേന വരുമാനം കൂടിയ സ്ഥാപനങ്ങളിൽ നിന്നും തുച്ഛമായ നിരക്കിലാണ് തൊഴിൽ നികുതി (360/-, 600/-) ഈടാക്കുന്നത്. പല സ്ഥാപനങ്ങളുടേയും പ്രതിദിന വരുമാനം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല.

ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/14.08.2017) ഈടാക്കുവാൻ ബാക്കി നിൽക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2016-17 വർഷം തൊഴിൽനികുതി ഇനത്തിൽ നഷ്ടമായ തുകയായ 25,430/-രൂപ ഉത്തരവാദിയായ സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്നും തുക തുല്ല്യമായി ഈടാക്കേണ്ടതാണ്.

# 2-5 പരസ്യനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യ ബോർഡുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്ന് കാണുന്നു. എന്നാൽ, 2016-17വർഷം ഗ്രാമപഞ്ചായത്തിന് പരസ്യനികുതി ഇനത്തിൽ വരവില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, പരസ്യനികുതി സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് കൊടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. അടിയന്തിര നടപടികൾ സ്വീകരിച്ച് പരസ്യനികുതി ഈടാക്കേണ്ടതാണ്.

# 2-6 ഇ-ടെണ്ടർ ടെണ്ടർഫീസിനത്തിലുള്ള തുക പഞ്ചായത്തിന് ലഭ്യമായില്ല.

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം മുതൽ കരാറുകാർ മുഖേന നിർവ്വഹണം ചെയ്യുന്ന പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവർത്തികളുടെ ടെണ്ടർഫീസിനത്തിൽ താഴെപ്പറയും പ്രകാരമുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ ഐ.ഡി | പ്രവർത്തിയുടെ പേര് | ടെണ്ടർ ഫീസ് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | 2015-LSGD-31561-2 | വില്ലേജ് വീരമംഗലം മെറ്റലിംഗ് & ടാറിംഗ് | 2280 | 2 | 4560 |
| 2 | 2015-LSGD-31560-2 | ഊട്ടുപ്പുഴ കുറ്റിക്കര മെറ്റലിംഗ് & ടാറിംഗ് | 3000 | 1 | 3000 |
| 3 | 2016-LSGD-79429-1 | കമ്മ്യൂണിറ്റി ഹാൾ നവീകരണം | 2000 | 7 | 14000 |
| 4 | 2016-LSGD-79463-1 | പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം | 1400 | 2 | 2800 |
| 5 | 2016-LSGD-79445-1 | കൊച്ചുതറ തീരദേശ നടപ്പാത | 2000 | 1 | 2000 |
| 6 | 2017-LSGD-106080-2 | അംഗൻവാടിക്ക് ചുറ്റുമതിൽ | 2000 | 2 | 4000 |
| | ആകെ | | | | 30360/- |

ഈ തുക നാളിതുവരെയായും പഞ്ചായത്തിന് ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാർട്ട് ടൈം ഫെറിമാൻ തസ്തികയിലുള്ള ജീവനക്കാരൻ നിലവിലിരിക്കെ പഞ്ചായത്തിലെ ഏക കടത്ത് നടത്തുന്നതിനായി ലേലം ചെയ്തു - അധിക ചെലവ്

പാണാവള്ളി ഗ്രാമ പഞ്ചായത്തിൽ ഊട്ടുപുഴ – അഞ്ചുതുരുത്ത് കടത്ത്, ചിറക്കൽ എന്നിങ്ങനെ രണ്ട് കടത്തുകളാണുണ്ടായിരുന്നത്. ഇതിൽ ചിറക്കൽ എന്ന കടത്ത് നിലവിലിരുന്ന സ്ഥാനത്ത് പാലം വന്നതിനെ തുടർന്ന് പഞ്ചായത്തിൽ നിലവിലുള്ള കടത്തിന്റെ എണ്ണം ഒന്നായി ചുരുങ്ങി. ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം ഫെറിമാന്റെ തസ്തിക നിലവിലുണ്ട്. ഈ തസ്തികയിൽ 01.04.1989 മുതൽ ശ്രീ.സി.എം.വിശ്വംഭരൻ എന്ന വ്യക്തി ജോലി ചെയ്തു വരുന്നു. എന്നാൽ പാർട്ട് ടൈം ഫെറിമാൻ പഞ്ചായത്തിൽ സേവനത്തിലിരിക്കെ ഗ്രാമപഞ്ചായത്തിലെ ഏക കടത്തായ ഊട്ടുപുഴ -അഞ്ചുതുരുത്ത് കടത്ത് നടത്തുന്നതിനായി മറ്റൊരു വ്യക്തിയെ നിയമിക്കുകയും തുക നല്കുകയും ചെയ്തു വരുന്നു. പ്രസ്തുത കടത്ത് 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് നടത്തുന്നതിനായി ലേല നടപടികൾ സ്വീകരിക്കുകയും പ്രതിമാസം 24,500/- രൂപ നിരക്കിൽ ശ്രീ.അശോകൻ, അനു ഭവനം എന്നയാളിന് 23.03.2016 ലെ 8-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം കടത്ത് നടത്തുന്നതിന് എഗ്രിമെന്റ് വെച്ച് അനുമതി നല്കിയിരിക്കുന്നു. 2016-17 സാമ്പത്തിക വർഷം കടത്ത് നടത്തിയതിന് ടിയാൾക്ക് താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| വൗച്ചർ നം., തീയതി | ചെക്ക് നം., തീയതി | തുക |
|---|---|---|
| 21600024/04.04.16 | 7959/04.04.16 | 21900 |
| 21600088/02.05.16 | 7994/02.05.16 | 24500 |
| 21600172/02.06.16 | 8934/02.06.16 | 24500 |
| 21600281/01.07.16 | 9263/01.07.16 | 24500 |
| 21600353/01.08.16 | 9296/01.08.16 | 24500 |
| 21600445/01.09.16 | 9963/01.09.16 | 24500 |
| 21600544/01.10.16 | 10003/01.10.16 | 24500 |
| 21600638/02.11.16 | 11559/02.11.16 | 24500 |
| 21600697/03.12.16 | 11601/03.12.16 | 22050 |
| 21600796/05.01.17 | 11638/05.01.17 | 24500 |
| 21600858/02.02.17 | 13988/02.02.17 | 24500 |
| 21600932/03.03.17 | 14014//03.03.17 | 24500 |
| ആകെ | | 2,88,950 |

പഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ.സി.എം.വിശ്വംഭരന് 2016-17 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം 1,93,500/- രൂപ ശമ്പളം ഇനത്തിൽ നല്കിയിട്ടുണ്ട്. (അടിസ്ഥാന ശമ്പളം-14,800/-രൂപ ശമ്പള സ്കെയിൽ 10,620 – 16,460).

| വൗച്ചർ നം. ,തീയതി | ചെക്ക് നം. ,തീയതി | തുക |
|---|---|---|
| 21600001/01.04.16 | 0273553/01.04.16 | 15,370 |
| 21600070/02.05.16 | 0273554/02.05.16 | 15,805 |
| 21600152/02.06.16 | 0273555/02.06.16 | 15,805 |
| 21600262/01.07.16 | 0273556/01.07.16 | 16,132 |
| 21600335/01.08.16 | 0273556/01.08.16 | 16,132 |
| 21600424/01.09.16 | 0273558/01.09.16 | 16,132 |
| 21600522/01.10.16 | 10001/01.10.16 | 16,132 |
| 21600609/31.10.16 | 0273563/31.10.16 | 16,132 |
| 21600694/01.12.16 | 11600/01.12.16 | 16,132 |
| 21600776/03.01.17 | 11635/03.01.17 | 16,576 |
| 21600848/02.02.17 | 13988/02.02.17 | 16,576 |
| 21600911/03.03.17 | 14014//03.03.17 | 16,576 |
| ആകെ | | 1,93,500 |

പാർട്ട് ടൈം ഫെറിമാൻ പഞ്ചായത്തിൽ സേവനത്തിലിരിക്കെ ഗ്രാമപഞ്ചായത്തിലെ കടത്ത് നടത്തുന്നതിനായി ലേലം നല്കിയത് ക്രമപ്രകാരമല്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ്

അന്വേഷണത്തിന്, പാർട്ട് ടൈം ഫെറിമാൻ തസ്തികയിൽ നിലവിൽ പഞ്ചായത്തിൽ ജോലി ചെയ്യുന്ന ശ്രീ. സി. എം. വിശ്വംഭരൻ 50% വികലാംഗത്വമുള്ളതും 56 വയസ്സുള്ള ആളുമായതിനാലാണ് ടിയാളെ ഓഫീസ് ജോലിയിൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ചതുമെന്നുമാണ് മറുപടി നൽകിയത്. പഞ്ചായത്തിന് സ്വന്തമായി കടത്ത് വള്ളമില്ലെങ്കിൽ അടിയന്തിരമായി ആയത് വാങ്ങി നിലവിലുള്ള ഫെറിമാന്റെ സേവനം ഉപയോഗപ്പെടുത്തി കടത്ത് നടത്തേണ്ടതാണ്. ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ആയയുടെ വേതനം – അധികം തുക നല്കി

തളിയാപറമ്പ് ഗവൺമെന്റ് എൽ. പി സ്കൂളിലേയ്ക്ക് പ്രീ-പ്രൈമറി തലത്തിൽ താല്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ (മാസ വേതനം -3500/-രൂപ) ആയ തസ്തികയിൽ 3.10.15 ലെ V/1ാം നമ്പർ തീരുമാന പ്രകാരം ശ്രീമതി.അമ്പിളി,കുറ്റനാട് എന്നയാളെ നിയമിച്ചിട്ടുണ്ട്. എന്നാൽ, 2016-17വർഷം 12 മാസവും ടിയാരിയ്ക്ക് തുക നല്കിയിട്ടുണ്ട്. സ്കൂളുകൾ പ്രവർത്തന രഹിതമായിരിക്കുന്ന മധ്യ വേനൽ അവധി കാലത്തും ടിയാരിയ്ക്ക് വേതനം നല്കിയിട്ടുണ്ട്.

ആയതനാൽ, 04/16 (വൗച്ചർ നമ്പർ – 21600111/10.05.2016), 05/16 (വൗച്ചർ നം. 21600214 / 08.06.16) എന്നീ മാസങ്ങളിൽ നൽകിയ തുകയായ 7000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ,തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്ക് - കറന്റ് ചാർജ്ജ്

2016-17 വർഷം ഓരോ മാസവും 67510/- രൂപ പ്രകാരം കറന്റ് ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി യിൽ ഒടുക്കുന്നുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി യുടെ 23.05.2017 ലെ BB/Street light/2017-18 പ്രകാരം ഓർഡിനറി ബൾബുകൾ (40watts) 270 എണ്ണവും, ഓർഡിനറി ബൾബുകൾ (60 watts) 88 എണ്ണവും ഉപയോഗിക്കുന്നതിനായി മാത്രമാണ് 26796/- രൂപ ഈടാക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ,2011-12 വർഷം മുതൽ ബൾബുകൾ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടില്ല. 40w, 60w (ആകെ 358 എണ്ണം ) എന്നീ ബൾബുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല . ഓർഡിനറി ബൾബുകൾക്ക് മാത്രം പ്രതിമാസം ഒടുക്കുന്ന വൈദ്യുതചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | ഒടുക്കേണ്ടിയിരുന്ന വൈദ്യുതചാർജ്ജ് |
|---|---|---|---|
| ഓർഡിനറി ബൾബ് 40w | 270 | @65 | 17820 |
| ഓർഡിനറി ബൾബ് 60w | 88 | @102 | 8976 |
| ആകെ | 358 | | 26796 |

പ്രതിമാസം ഒടുക്കുന്ന തുകയുടെ പകുതിയും നിലവിൽ ഇല്ലാത്ത ഇനങ്ങളുടെ നിരക്കിൽ അടവാക്കുന്നത് മൂലം വൈദ്യുതി ചാർജിനത്തിൽ അധികം നൽകുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ ഇക്കാര്യം KSEB യെ അറിയിച്ച് സംയുക്ത പരിശോധന നടത്തി നിലവിലുള്ള ബൾബുകളുടെയും ട്യൂബുകളുടെയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തി വൈദ്യുതചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പൊതു ടാപ്പ് - അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്നും 201 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിവർഷം 1055250/-രൂപ (201 @5 250/1) വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നുണ്ട്. 28.09.2011 ലെ ജി.ഒ (ആർ.ടി) 2242/2011/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് 23.02.15 മുതൽ 25.02.15 വരെ സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ പ്രവർത്തിക്കുന്ന പൊതു ടാപ്പുകൾ 187 എണ്ണം ആണെന്നു കണ്ടെത്തുകയുണ്ടായി. പ്രവർത്തന രഹിതമായ ടാപ്പുകളിലേക്കുള്ള ജലവിതരണം ബ്ലോക്കുചെയ്യിച്ച് ബാക്കിയുള്ള 187 ടാപ്പുകൾക്ക് മാത്രമുള്ള തുക ഒടുക്കുവാൻ നടപടി സ്വീകരിച്ചില്ല. പ്രവർത്തന രഹിതമായ ടാപ്പുകൾ ക്ലോസ് ചെയ്യുന്നതിന് നിശ്ചിത നിരക്കിൽ ഫീസ് ഒടുക്കി ക്ലോസ് ചെയ്യിച്ച് അധികം ഒടുക്കിയ തുക തുടർന്നുള്ള ഡിമാന്റിൽ ക്രമപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം, സെക്രട്ടറിയുടെ ബാധ്യതയായി കാണക്കാക്കുന്നതാണ്.

## 3-5 എയ്ഡഡ് സ്ക്കൂൾ - ജലസംഭരണി വാങ്ങൽ -തുക നിരാകരിക്കുന്നു

വൗച്ചർ നം. 21600310/20.07.16 പ്രകാരം 6090/- രൂപ എച്ച്.എം. എൻ.എസ്.എസ്. എൽ.പി.എസിന് കുടിവെള്ള സംഭരണി വാങ്ങുന്നതിനായി 08.07.2016 ലെ 5-ാം നം. കമ്മറ്റി തീരുമാന പ്രകാരം നല്കിയിട്ടുണ്ട്. പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനമോ സർക്കാർ ഉടമസ്ഥതയിലോ അല്ലാത്തിനാൽ തുക നല്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സ്കൂളിലെ ആവശ്യവും ഹെഡ്മിസ്ട്രസിന്റെ അഭിപ്രായവും പരിഗണിച്ച് 08.07.2016ലെ 5-ാം നമ്പർ തീരുമാന പ്രകാരമാണ് തുക നല്കിയത്. പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ഗവ. സ്കൂളുകളുടെയും അടിസ്ഥാന സൌകര്യങ്ങൾ നൽകിയതിന് ശേഷമാണ് ഈ സ്കൂളിന് സഹായം നൽകിയതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 ആരോഗ്യ ഇൻഷുറൻസ്

ആരോഗ്യ ഇൻഷ്വറൻസ് ഫോട്ടോ എടുക്കുന്നതുമായി ബന്ധപ്പെട്ട് ഭക്ഷണത്തിനായി തുക നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം., തീയതി | ചെക്ക് നം., തീയതി | തുക | കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| 21600314/16.07.16 | 9287 /19.07.16 | 6080 | ശ്രീ.രാജേഷ്, പഞ്ചായത്ത് പ്രസിഡന്റ് |
| 21600233/16.07.16 | 9240/17.06.17 | 493 | ശ്രീ.സലിം, മെമ്പർ (വാർഡ് നം. 8) |
| 21600234/16.07.16 | 9241/17.06.17 | 600 | ശ്രീ.ച ക്രപാണി, മെമ്പർ (വാർഡ് നം.3) |
| 21600235/16.07.16 | 9242/17.06.17 | 1000 | ശ്രീമതി. സോഫിയ, മെമ്പർ (വാർഡ് നം.3) |
| 21600236/16.07.16 | 9243/17.06.17 | 1000 | ശ്രീമതി. ശ്രീദേവി, മെമ്പർ (വാർഡ് നം.2) |
| 21600237/16.07.16 | 9244/17.06.17 | 1000 | ശ്രീമതി.വിജി, മെമ്പർ (വാർഡ് നം.10) |
| 21600238/16.07.16 | 9245/17.06.17 | 1000 | ശ്രീ.സുശീലൻ, മെമ്പർ (വാർഡ് നം.15) |
| 21600239/16.07.16 | 9246/17.06.17 | 1010 | ശ്രീമതി.രാഗിണി, മെമ്പർ (വാർഡ് നം.13) |
| | ആകെ | 12183 | |

പട്ടിക പ്രകാരം ചെലവാക്കിയ തുക ഇൻഷ്വറൻസ് ഏജൻസി ആയ RSBY – Chis ൽ നിന്നും തിരികെ ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക RSBY യിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഒ.ഡി.എഫ് - അഡ്വാൻസ് തുക നൽകിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടപ്പിലാക്കിയ ഒ.ഡി.എഫ് പദ്ധതിയിൽ (പ്രോജക്ട് നം- 01/17&04/2017) കക്കൂസ് നിർമ്മാണത്തിനായി അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുകയോ അഡ്വാൻസ് തിരിക നൽകുകയോ ചെയ്തിട്ടില്ല. വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ പ്ലാൻ ജനറൽ വിഭാഗത്തിൽ 30,49,200/- രൂപ വകയിരുത്തിയ പദ്ധതിയിൽ നിന്നും 30,74,200/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിലുമധികം തുക ചെലവഴിക്കാനിടയായത് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടില്ല. അഡ്വാൻസ് കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | അഡ്വാൻസ് | ബിൽ നം. & തിയതി | നിർവ്വഹണം |
|---|---|---|---|---|
| 01 | സുഭാഷ്, ചിറയിൽ | 6000/- | 03/16-17, 31.08.16 | വി.ഇ.ഒ |
| 02 | സഹജൻ, അഞ്ചുതുരുത്ത് | 6000/- | 04/16-17, 05.09.16 | വി.ഇ.ഒ |
| 03 | ഗീത, കളപ്പുരയ്ക്കൽ | 13000/- | 03/16-17, 31.08.16<br>04/16-17, 05.09.16 | വി.ഇ.ഒ |
| 04 | ചന്ദ്രൻ, ഇല്ലത്തുനികർത്ത് | 6000/- | 01/16-17, 23.08.16 | അസിസ്റ്റന്റ് സെക്രട്ടറി |
| 05 | ഷീജ, കിഴക്കേ തട്ടാംവീട് | 6000/- | 01/16-17, 23.08.16 | അസിസ്റ്റന്റ് സെക്രട്ടറി |
| | ആകെ | 37000/- | | |

പഞ്ചായത്ത് സമ്പൂർണ്ണ ഒ.ഡി.എഫ് പ്രഖ്യാപനം നടത്തുകയും അതേസമയം അഡ്വാൻസ് നൽകി നാളിതുവരെയായിട്ടും ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുകയോ പണം തിരികെ നൽകുകയോ ചെയ്യാത്തത് ശരിയല്ല. പണി പൂർത്തിയാക്കാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഈയിനത്തിലെ ചെലവ് 37000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 തുക ഒടുക്കിയിട്ടും മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. ഇവ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതിന് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സപ്പെടുത്തുന്ന തുക | ട്രഷറി ബിൽ നം.1, തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 46 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 214385/-<br>(ആകെ ചെലവഴിച്ച 1000000/-രൂപയിൽ 785615/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്) | 1/22.12.16<br>(600000)<br>2/22.12.16<br>(400000) | ഔഷധി |
| 2 | 123 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ | 151280/- (ആകെ ചെലവഴിച്ച 250000/-രൂപയിൽ 98720/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട് | 1/.20.12.16 | ഹോംകോ |
| 3 | 60 | ആശുപത്രിക്ക് | മെഡിക്കൽ | 86401 | ബിൽ നം- 08/16- | കാരുണ്യ |

| | | | | | | |
|---|---|---|---|---|---|---|
| | | മരുന്ന് വാങ്ങൽ | ഓഫീസർ (പി.എച്ച്.സി) | | 17 തീയതി-30.03.2017 | ഫാർമസി (KMSCL) |
| 4 | 47 | പാലിയേറ്റീവ് പരിചരണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10000/- | ബിൽ നം- 05/16-17 തീയതി-14.03.2017 | കാരുണ്യ ഫാർമസി (KMSCL) |
| 5 | 47 | പാലിയേറ്റീവ് പരിചരണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 25000 | ബിൽ നം – 04/16-17 തീയതി-14.03.2017 | ഔഷധി |
| | | ആകെ | | 487066 | | |

# 3-9 പാലിയേറ്റീവ് പരിചരണം -അപാകങ്ങൾ

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ജി.ഒ (എം.എസ്)നം. 04/2016/തസ്വഭവ dtd 11.01.2016 ഖണ്ഡിക 7.4 പ്രകാരം ആരോഗ്യസ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങുന്ന പദ്ധതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. മാർഗ്ഗരേഖയനുസരിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുവാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കുവാനോ പാടില്ല . എന്നാൽ മെഡിക്കൽ ഓഫീസർ 2016-17 ൽ നടപ്പിലാക്കിയ മരുന്ന് വാങ്ങലുകളിലൊന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

പാലിയേറ്റീവ് പരിചരണം , ആശുപത്രിക്ക് മരുന്നുവാങ്ങൽ എന്നീ പദ്ധതികളിൽ സർജിക്കൽ ഉപകരണങ്ങളും മരുന്നുകളും മെ.ഗാലക്സി സർജിക്കൽ & ഡയഗ്നോസ്റ്റിക്സ് ഇടുക്കി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.മരുന്നുവാങ്ങൽ പദ്ധതിയിൽ 13599/- രൂപയും പാലിയേറ്റീവ് പരിചരണം പദ്ധതിയിൽ 15000/- രൂപയുമുൾപ്പടെ ആകെ 28599/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട് .ഈ ഉപകരണങ്ങൾ കാരുണ്യ ഫാർമസി പോലുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ക്വട്ടേഷൻ മുഖാന്തിരമോ അല്ലാത്തതിനാൽ കുറഞ്ഞ വിലയ്ക്കുള്ള വാങ്ങൽ എന്ന സാധ്യത പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

പാലിയേറ്റീവ് പരിചരണം സംബന്ധിച്ച 29.10.2015 ലെ ജി.ഒ (ആർ.ടി) 3217/2015/തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ പാലിയേറ്റീവ് നഴ്സിന്റെ വേതനം, വാഹനവാടക, ഹോംകെയർ ടീമിന്റെ ഭക്ഷണം എന്നിവയല്ലാതെ ഹോംകെയർ ടീമിലെ സന്നദ്ധ പ്രവർത്തകർക്കുള്ള പ്രതിഫലം ഉൾപ്പെട്ടിട്ടില്ല. ഹോംകെയർ പ്രവർത്തനങ്ങൾ സന്നദ്ധ പ്രവർത്തകരുടെ സഹായം ഉറപ്പുവരുത്തിയാണ് നടപ്പിലാക്കേണ്ടത്. പാലിയേറ്റീവ് നഴ്സിന് പുറമേ ഇതിനായി പ്രതിഫലം നൽകി ആളെ വയ്ക്കാനാകില്ല. പാണാവള്ളി ഗ്രാമപഞ്ചായത്തിലെ 2016-17 ലെ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ബിൽ നം – 01/16-17 തി. 31.10.16 പ്രകാരം 900/- രൂപ സ്വാന്തനപരിചരണത്തിൽ പങ്കെടുക്കുന്ന ആശ പ്രവർത്തകർക്ക് ഹോംകെയർ നടത്തുന്ന ദിവസങ്ങളിലെ പ്രതിഫലമായി ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരമല്ലാത്തതിനാൽ ഈയിനത്തിലെ ചെലവുതുക 900/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-10 ഡെപ്പോസിറ്റ് വർക്കുകൾ- ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല

2016-17 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് വർക്കുകളിൽ താഴെപ്പറയുന്ന ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്.

1. <u>**എസ്.സി സങ്കേതങ്ങളിൽ കുടിവെള്ള ലൈൻ നീട്ടൽ**</u>

   (ബിൽ നം – 24/16-17, Rs.105000/- c/o 31.03.17)

   പദ്ധതിപ്രകാരം ഡെപ്പോസിറ്റ് വർക്കിനായി 105000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റയതിന്റെ വിവരമോ പദ്ധതി സംബന്ധിച്ച് വാട്ടർ അതോറിറ്റിയു മായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങളോ ലഭ്യമല്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

2. <u>**വീരമംഗലം – കുട്ടഞ്ചേരി സ്ട്രീറ്റ് ലൈൻ നീട്ടൽ**</u>

   (ബിൽ നം – 28/16-17, Rs. 74625/-, c/o 31.03.17)

   പദ്ധതിപ്രകാരം ഡെപ്പോസിറ്റ് വർക്കിനായി 74625/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി ചേർത്തലക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റയതിന്റെ വിവരമോ പദ്ധതി സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങളോ ലഭ്യമല്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

മേൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തുകയുടെ കൈപ്പറ്റ് ഉറപ്പുവരുത്തുന്നതിനും കരാറിലേർപ്പെട്ട് നിശ്ചിത സമയപരിധിക്കകം പ്രവർത്തികൾ പൂർത്തിയാക്കുന്നുണ്ട് എന്നുറപ്പുവരുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

# 3-11 ബഡ്സ് സ്കൂൾ പ്രവർത്തന വിഹിതം (പ്രോജക്ട് നം-44/17)-പദ്ധതിപ്പണം ചെലവഴിക്കാതെ സൂക്ഷിക്കുന്നു

(ബിൽ നം. – 10/16-17, Rs. 413200/-, C/o 31.10.16)

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി ഈ പദ്ധതി പ്രകാരം 413200/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം ബഡ്സ് സ്കൂളിലേക്ക് ക്വട്ടേഷൻ ,ടെണ്ടർ വഴി കളിക്കോപ്പ്, പരിശീലന സാമഗ്രികൾ വാങ്ങുന്നതിനായി 50000/- രൂപയും ബഡ്സ് സ്കൂൾ പ്രവർത്തന വിഹിതമായി 363200/- രൂപ സി.ഡി.എസിന് നൽകാനുമാണ് നിർദ്ദേശിച്ചിരുന്നത്.എന്നാൽ പദ്ധതിപ്പണം മുഴുവനായി സി.ഡി.എസിന് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം പിൻവലിച്ച തുക സി.ഡി.എസിന്റെ പൊതുവായ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും (67003396138, SBT Poochakkal) ആവശ്യാനുസരണം തുക ചെലവഴിക്കുകയുമാണ് ചെയ്തിരിക്കുന്നത്.പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ

1. 31.10.2016 ൽ പദ്ധതിപ്പണം (413200/-) പൂർണ്ണമായി ട്രഷറിയിൽ നിന്നും പിൻവലിച്ചുവെങ്കിലും സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിച്ച തുകയിൽ 331170/- രൂപ മാത്രമാണ് സാമ്പത്തികവർഷം ചെലവുള്ളത്. പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച 82,030/- രൂപ ചെലവഴിക്കപ്പെടാതെ മറ്റ് ഫണ്ടുകൾക്കൊപ്പം സി.ഡി.എസ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല.

2. പദ്ധതിച്ചെലവുകളുടെ വിശദാംശങ്ങളും ചെലവുരേഖകളും സി.ഡി.എസിന്റെ തനത്ഫണ്ട് ചെലവുകൾക്കൊപ്പമാണ് സൂക്ഷിച്ചിരിക്കുന്നത്. പദ്ധതിയുടെ വരവുചെലവുകണക്കുകളുടെ കൃത്യമായ പരിശോധന സാധ്യമാകുന്നില്ല.

3. പദ്ധതിപ്പണം പ്രത്യേകമായി അക്കൗണ്ട് ചെയ്യുകയോ ചെലവുകൾ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്താനാകുന്നില്ല.

4. അംഗീകാരം നേടിയ പദ്ധതി പ്രകാരമല്ല തുക ചെലവഴിച്ചിട്ടുള്ളത്. കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങുവാൻ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതിനായി ടെണ്ടർ ക്ഷണിക്കുകയോ വാങ്ങൽ

നടത്തുകയോ ചെയ്തിട്ടില്ല.

5. പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച ശേഷം സാമ്പത്തിക വർഷാവസാനം ചെലവഴിക്കപ്പെടാത്ത പണം തിരികെ പ്ലാൻഫണ്ടിൽ ഒടുക്കിയിട്ടില്ല.

ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ച തുക തിരികെ അടക്കേണ്ടതാണ്.

# 3-12 സാമൂഹ്യ സുരക്ഷമിഷൻ സംഭാവന- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. : എസ്.0125/17

പ്രോജക്ടിന്റെ പേര് : സാമൂഹ്യ സുരക്ഷമിഷൻ സംഭാവന

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 5,00,000/- രൂപ

ചെലവ് : 5,00,000/- രൂപ (ട്രഷറി ബിൽ നം.13, തീയതി. 28.02.2017)

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 06.05.2013-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 1209/2013/ത.സ്വ.ഭ.വ പ്രകാരം സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപ എല്ലാ വർഷവും സംഭാവനയായി നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം പാണാവള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷം അഞ്ച് ലക്ഷം രൂപ കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ 6-ാം ഖണ്ഡികയിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ സംഭാവന നല്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 3-13 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ പൊതു ന്യൂനതകൾ

എ).<u>പദ്ധതികൾക്കായി വകയിരുത്തിയ ഭൂരിഭാഗം തുകയും ചെലവഴിച്ചില്ല.</u>

പാണാവള്ളി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം 1,54,90,216/- രൂപാ അടങ്കലിൽ ആകെ 49 മരാമത്ത് പദ്ധതികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ചിരുന്നത്. എന്നാൽ തൻവർഷം 8 പദ്ധതികളിലായി ആകെ 36,79,058/- രൂപാ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയിരുന്ന തുകയുടെ കേവലം 23.75% മാത്രമാണ്. ആകെ ആവിഷ്കരിക്കപ്പെട്ട 49 പദ്ധതികളിൽ കേവലം 8 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. അതായത് ആവിഷ്കരിക്കപ്പെട്ട 83.67% പദ്ധതികളും നടപ്പാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.1 തീ. 10.08.2017) അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ മറുപടിയിൽ ഗുണഭോക്തൃ സമിതി രൂപീകരണത്തിൽ നേരിട്ട കാലതാമസം, സാധനങ്ങളുടെ ലഭ്യത കുറവ് മുതലായവയാണ് പദ്ധതി നിർവ്വഹണത്തിൽ വീഴ്ച സംഭവിക്കാനുള്ള കാരണമായി പറഞ്ഞിരിക്കുന്നത്. എന്നാൽ ആവിഷ്കരിക്കപ്പെട്ട പദ്ധതിയിൽ ബഹുഭൂരിപക്ഷം പദ്ധതികളും നടപ്പിലാക്കാതിരുന്നതിനുള്ള ന്യായീകരണമായി ഈ മറുപടിയെ അംഗീകരിക്കാനാവില്ല.

**ബി). <u>പുതിയ റോഡ് നിർമാണം -ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ ആസ്തിയിൽ കൂട്ടിച്ചേർക്കുന്നില്ല.</u>**

ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം പുതുതായി താഴെപ്പറയുന്ന മൂന്ന് റോഡുകളാണ് നിർമിച്ചിട്ടുള്ളത്.

1. പ്രോജക്ട് നം. 26/2017
   തോട്ടങ്കര അംബേദ്കർ റോഡ് ഫോർമേഷൻ

2. പ്രോജക്ട് നം.30/2017
   എസ്.എൻ.ഡി.പി കാരവേലി റോഡ് നിർമാണം
3. പ്രോജക്ട് നം.35/2017
   അഞ്ചുതുരുത്ത് തീരദേശ നടപ്പാത

എന്നാൽ മേൽ പദ്ധതികൾ പ്രകാരം നിർമിക്കപ്പെട്ട റോഡുകൾക്ക് ആവശ്യമായ ഭൂമി ഉടമസ്ഥർ അവകാശം വിട്ടൊഴിഞ്ഞു നല്കിയതിന്റെയൊ ആയത് പഞ്ചായത്തിന്റെ ആസ്തിയിൽ കൂട്ടിചേർത്തതിന്റെയൊ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.

1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട്, 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് റൂൾ എന്നിവ പ്രകാരം ഉടമസ്ഥൻ വസ്തു കൈയൊഴിഞ്ഞു നല്കുന്നതിനായി നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതും ആയതിന്മേൽ ആവശ്യമായ അന്വേഷണം നടത്തി റെവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവിടുകയും തദനുസൃതമായി റെവന്യൂ റെക്കോഡുകളിൽ ആവശ്യമായ കിഴിവുകളും കൂട്ടിച്ചേർക്കലുകളും വരുത്തുന്ന മുറക്ക് മാത്രമെ പഞ്ചായത്തിന് പ്രസ്തുത ഭൂമിയിന്മേൽ യഥാർത്ഥ അവകാശം കൈവരുകയുള്ളു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.1, തീ. 10.08.2017) അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ മറുപടിയിൽ ഭൂമിയുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ്. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-14 യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.

1.<u>കൊച്ചുകരി തീരദേശ നടപ്പാത</u>

| | | |
|---|---|---|
| പ്രോജക്ട് നം. | : | 36/17 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | സണ്ണി ജോൺ, പള്ളിവെളിയിൽ |
| എഗ്രിമെന്റ് നം. | : | *6/AE/LSGD/PNLY/16-17*<br>*തീയതി. 20.10.2016* |
| അടങ്കൽ: ലോക ബാങ്ക് ധനസഹായം | : | 10,00,000/- രൂപ |
| പി.എ.സി | | 9,99,547/- രൂപ |
| എഗ്രീഡ് പി.എ.സി (പി.എ.സി.യെക്കാൾ .52% കുറവ്) | | 9,94,349/- രൂപ |
| ആകെ വേല മൂല്യം | | 9,14,188/- |
| ചെലവ് | | 9,09,434/-<br>ട്രഷറിബിൽ നം.7തീ.31.03.2017 |
| എം.ബുക്ക് നം | : | 14/2016-17 |

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ കൊച്ചുകരി തീരദേശ നടപ്പാത പദ്ധതി നിർവ്വഹണത്തിനായി ഇ-ടെണ്ടർ ചെയ്യതതിൽ കരാറുകൾ ഒന്നും തന്നെ ലഭിച്ചില്ല. തുടർന്ന് റീ-ടെണ്ടർ ചെയ്യതതിൽ ഒരു കരാറുകാരൻ മാത്രം ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ ടെണ്ടർ അംഗീകരിക്കേണ്ടതില്ലായെന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 08.09.2016-ലെ 1-ാം നമ്പർ പ്രകാരം തീരുമാനിച്ചു. തുടർന്ന് 21.09.2016-ലെ പത്രപ്പരസ്യത്തിലെ ക്വൊട്ടേഷൻ നോട്ടീസ് പ്രകാരം ക്വൊട്ടേഷൻ ക്ഷണിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ നിന്നും .52% കുറവ് രേഖപ്പെടുത്തിയ സണ്ണി ജോൺ, പള്ളിവെളിയിൽ എന്ന വ്യക്തി സമർപ്പിച്ച ക്വൊട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ക്വൊട്ടേഷൻ നോട്ടീസിൽ പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 3 മാസമാണെന്ന് പറഞ്ഞിരിക്കുന്നു. 20.10.2016-ൽ ടിയാൾക്ക് സൈറ്റ് ഹാന്റ് ഓവർ ചെയ്തു നല്കിയിട്ടുണ്ട്. സൈറ്റ് ഏറ്റെടുത്ത തീയതി മുതൽ 3 മാസത്തിനകം ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. അതായത് 20.10.2016-ൽ തുടങ്ങി 19.01.2017-ൽ ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. എന്നാൽ 22.03.2017 (എം.ബുക്ക് പേജ് നം.10-ൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി.) ൽ മാത്രമാണ് ഈ പ്രവർത്തി പൂർത്തീകരിച്ചത്.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് {20.01.2017മുതൽ 22.03.2017 വരെ, 8.71ആഴ്ച (61ദിവസം)} സെക്ഷൻ 2116.1 അനുസരിച്ച് PAC (9,94,349/-) യുടെ .871% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈ ഇനത്തിൽ യാതൊരു തുകയും ഈടാക്കിയില്ല. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം 8661/- രൂപയുടെ നഷ്ടമുണ്ടായി.

| | | |
|---|---|---|
| അംഗീകൃത PAC | : | 9,94,349/-രൂപ |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | : | 9,94,349x.871%= 8661/- |

ഇതുമൂലം ഉണ്ടായ അധിക ചെലവ് രൂ. 8661/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

**2.കോൺഫറൻസ് ഹാൾ നിർമാണം**

| | | |
|---|---|---|
| പ്രോജക്ട് നം. | : | 37/17 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | രത്നാകരൻ.പി.എസ്, പുത്തൻവെളി |
| എഗ്രിമെന്റ് നം. | : | *3/AE/LSGD/PNLY/16-17*<br>*തീയതി . 22.09.2016* |
| അടങ്കൽ: ലോക ബാങ്ക് ധനസഹായം | : | 7,38,856/- രൂപ |
| പി.എ.സി | | 6,41,161/- രൂപ |

| | | |
|---|---|---|
| എഗ്രീഡ് പി.എ.സി<br>(പി.എ.സി.യെക്കാൾ 14.001% കുറവ്) | | 5,51,392/- രൂപ |
| ആകെ വേല മൂല്യം | | 5,70,669/- |
| ചെലവ് | | 4,90,770/- ട്രഷറി ബിൽ നം. 8, തീ. 31.03.2017 |
| എം.ബുക്ക് നം. | : | 15/2016-17, 15(a)/2016-17 |

ടി പ്രവർത്തിയുടെ അവാർഡ് ഓഫ് കോൺട്രാക്ട് സമ്മറി (AOC Summary) പ്രകാരം ഈ പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 90 ദിവസമാണെന്ന് പറഞ്ഞിരിക്കുന്നു. 22.09.2016-ൽ ടിയാൾക്ക് സൈറ്റ് ഹാന്റ് ഓവർ ചെയ്തു നല്കിയിട്ടുണ്ട്. സൈറ്റ് ഏറ്റെടുത്ത തീയതി മുതൽ 90 ദിവസത്തിനകം ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. അതായത് 22.09.2016-ൽ തുടങ്ങി 20.12.2016-ൽ ഈ പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. എന്നാൽ 16.02.2017 (എം.ബുക്ക് നം.15/2016-17-ൽ പേജ് 43-ൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി) ൽ മാത്രമാണ് ഈ പ്രവർത്തി പൂർത്തീകരിച്ചത്.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്ക ശേഷമുള്ള കാലഘട്ടത്തിന് {21.12.2016മുതൽ 16.02.2017 വരെ, 8.29ആഴ്ച (58ദിവസം)} സെക്ഷൻ 2116.1 അനുസരിച്ച് PAC (5,51,392/-) യുടെ .829% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈ ഇനത്തിൽ യാതൊരു തുകയും ഈടാക്കിയില്ല. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം 4,571/- രൂപയുടെ നഷ്ടമുണ്ടായി.

| | | |
|---|---|---|
| അംഗീകൃത PAC | : | 5,51,392/-രൂപ |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | : | 5,51,392/-X.829%= 4571/- |

ഇതുമൂലം ഉണ്ടായ അധിക ചെലവ് 4571/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.
ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.1, തീ - 10.08.2017) സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനും മറ്റുമുള്ള കാലതാമസം, ലോറി സമരം, തുടങ്ങിയ കാരണങ്ങളാണ് പ്രവർത്തികൾ പൂർത്തീകരിക്കാൻ കാലതാമസമെടുത്തതെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് കരാറുകാരൻ ഏതെങ്കിലും രീതിയിലുള്ള അപേക്ഷ നല്കുകയൊ ആയതിന് പഞ്ചായത്ത് കമ്മറ്റി ഏതെങ്കിലും തരത്തിലുള്ള തീരുമാനം കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ മറുപടി അംഗീകരിക്കുന്നില്ല.

## 3-15 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തനത് ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ വൌച്ചർ നമ്പർ 21600128/ 24.05.2016 (ചെക്ക് നം.

8927/23.05.2016) പ്രകാരം പഞ്ചായത്തിലെ ഓരോ വാർഡിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ആകെ 1,80,000/- രൂപ മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ടി തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. തുടർന്ന്, ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/16.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## എ. രസീത് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 18235028/- |
| വരവ് | : | 58674195/- |
| ആകെ | : | 76909223/- |
| ചെലവ് | : | 47941640/- |
| നീക്കിയിരിപ്പ് | : | 28967583/- |

രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. എ.ഡി.സി.ബി ഓൺ ഫണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly credited by bank എന്നതിനു കീഴെ 30.4.2015-തീയതിയിൽ ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത 2400/- രൂപ കാണിച്ചിരിക്കുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20(എ) പ്രകാരം പഞ്ചായത്തിന് നേരിട്ട് ലഭിച്ചതോ, പിരിവിന് നിയോഗിച്ച ഉദ്യോഗസ്ഥർ, പൊതുജനസേവന കേന്ദ്രങ്ങൾ , ബാങ്കിൽ നേരിട്ട് ഒടുക്കൽ, തുടങ്ങിയ എല്ലാ മാർഗങ്ങളിലൂടെയും ലഭിച്ചതായ എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീത് നൽകേണ്ടതാണ്. ചട്ടം 24(2) പ്രകാരം ലഭിച്ച തുകകൾ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ അന്നു തന്നെ രസീത് വൗച്ചർ വഴി അക്കൗണ്ട് ചെയ്യേണ്ടതുമാണ്. 30.04.2015-ൽ ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുക നാളിതുവരെയായും രസീത് നല്കി അക്കൗണ്ട് ചെയ്തില്ലായെന്നത് ചട്ട വിരുദ്ധമാണ്.

2. ട്രഷറി ബിൽ ബുക്ക് പ്രകാരം ജനറൽ പർപ്പസ് ഫണ്ടിനത്തിലുള്ള 12 ഇൻസ്റ്റാൾമെന്റ് (ഒരു ഇൻസ്റ്റാൾമെന്റ് - 811329/- രൂപ) പൂച്ചാക്കൽ സബ് ട്രഷറി സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ 8 ഇൻസ്റ്റാൾമെന്റ് മാത്രമെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിന്റെ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റിൽ വരവ് കാണിച്ചിട്ടുള്ളൂ. സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിന്റെ പാസ്ബുക്കിൽ 12 ഇൻസ്റ്റാൾമെന്റും വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ഈ പാസ്ബുക്കിൽ 31.03.2017-ൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക (15251584/- രൂപ) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ട്രഷറി പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പായികാണിച്ചിട്ടുള്ള (16062913/-) തുകയുമായി പൊരുത്തപ്പെടുന്നില്ല.

3. എ.ഡി.സി.ബി ഓൺ ഫണ്ട് ന്യൂ എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാലാവധി (ചെക്ക് തീയതി മുതൽ 3 മാസം) കഴിഞ്ഞതായ താഴെപ്പറയുന്ന ചെക്കുകൾ Cheque issued but not presented into bank എന്നതിനു കീഴെ കൊടുത്തിരിക്കുന്നു.

| ചെക്ക് നം/ തീയതി | തുക |
|---|---|
| 007334/16.02.2016 | 10 |
| 007125/13.01.2016 | 300 |
| 03.01.2016 | 2 |
| 18.04.2016 | 58 |
| 11556/28.10.2016 | 97 |
| 11565/03.11.2016 | 1000 |
| | |

| 011625/27.12.2016 | 2850 |
|---|---|

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൌണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഉചിതമല്ല.

4. എസ്.ബി.റ്റി നോൺ ബാങ്കിങ്ങ് എന്ന അക്കൗണ്ടിലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുകയോ, പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തില്ല. തന്മൂലം ഈ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല.

5. എസ്.ബി.റ്റി പൂച്ചാക്കൽ ശാഖയിൽ 19.01.2017-ൽ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിന്റെ വിവരം നീക്കിയിരിപ്പിൽ (ഷെഡ്യൂൾRP-40(b) Bank) ഉൾപ്പെട്ടിട്ടില്ല.

6. രസീത് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള തൻവർഷ കളക്ഷൻ തുകയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളും തമ്മിൽ താഴെപ്പറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ കാണുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | അടിസ്ഥാന രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| Receivable for Property Tax on Residential & Non Residential Buildings (Current) (RP-43) | 1788443 | 1788483 |
| Receivable for Property Tax on Residential & Non Residential Buildings (Arrear) (RP-43) | 1690030 | 1690715 |
| Government and other dues payable-Library Cess (RP-36) | 177822 | 173960 |

7. ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-34(വരവ് ഭാഗം),(ചെലവ് ഭാഗം) പ്രകാരം ഈയിനത്തിലുള്ള വരവിന്റെയും ചെലവിന്റെയും കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.

8. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Rent receivables from Buildings(Arrears) എന്നയിനത്തിൽ 37158/- രൂപ വരവുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ 2015-16 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം ഈയിനത്തിൽ കിട്ടാനുള്ള തുക26,294/- രൂപ മാത്രമാണ്.

9. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Receivables of Profession Tax-Institution/ Professionals/Traders (Arrears) എന്നയിനത്തിൽ 14,060/- രൂപ വരവുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ 2015-16 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം ഈയിനത്തിൽ യാതൊരു തുകയും കിട്ടാനുള്ള തായി കാണിച്ചിട്ടില്ല.

## ബി. <u>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</u>

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 109186035/- |
| (-) ചെലവ് | : | 113587204 |
| (-) പ്രയർ പീരീഡ് ഐറ്റം | : | 4463372 |
| ഡെഫിസിറ്റ് | : | 8864541 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-3 പ്രകാരം Rent from Auditorium and Halls എന്ന ഇനത്തിലുള്ള ഡിമാന്റ് 131350/- രൂപയെന്ന് കാണുന്നു. എന്നാൽ റെന്റ് രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 136250/- രൂപയാണെന്ന് കാണുന്നു. 2015-16-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പരിശോധിച്ചതിൽ ഈയിനത്തിൽ അഡ്വാൻസ് കളക്ഷൻ ഉള്ളതായും കാണുന്നില്ല.
2. ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താതെ 55 മുതൽ 99 വരെയുള്ള പേജുകൾ ഒഴിച്ചിട്ടതിനു ശേഷം 100-ാം പേജിൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുക എഴുതി ചേർക്കുകയാണുണ്ടായത്. രജിസ്റ്ററിലെ ഓരോ എൻട്രിയും കൂട്ടി നോക്കിയാൽ ഈ തുക ലഭിക്കില്ല.
3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Profession Tax Institutions/ Professionals/Traders ഇനത്തിലുള്ള ഡിമാന്റ് 2,69,800/- രൂപയെന്ന് കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റും കളക്ഷനും 2,35,790/- രൂപയാണെന്ന് കാണുന്നു. 2015-16 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.9 പ്രകാരമുള്ള അഡ്വാൻസ് തുകയായ 19950/- രൂപ കൂട്ടിയാലും 255740/- രൂപ മാത്രമാണ് ആകെ ഡിമാന്റായി വരേണ്ടത്.
4. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ തൻവർഷത്തെ ആകെ ചെലവ് 2,18,07,121/- രൂപയാണെന്ന് കാണുന്നു. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ MIS റിപ്പോർട്ട് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 3,46,37,767/- രൂപയാണ്.

## സി. ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | | |
|---|---|---|
| ആകെ ആസ്തി | : | 76647071.50 |
| (-) റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | : | 69648160.50 |
| പഞ്ചായത്ത് ഫണ്ട് | : | 6998911 |

*ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.4 പ്രകാരം Contribution for joint venture projects (for revenue expenditure)- from Block panchayats എന്ന ഹെഡിനു കീഴെ 2,50,042/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ 50,042/- രൂപ മാത്രമാണ് ബാധ്യതയായി വരേണ്ടതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി (2015-16 ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം) | 1,01,042/- |
| തൻവർഷ വരവ് (2016-17 RP-31 പ്രകാരം) | 2,99,000/- |
| ആകെ | 4,00,042 |

| | |
|---|---|
| ചെലവ് (2016-17 I-6 പ്രകാരം) | 3,50,000/- |
| നീക്കിബാക്കി | 50,042/- |
| നീക്കിബാക്കി (2016-17 ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം) | 2,50,042/- |

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.4 പ്രകാരം Centrally Sponsored Scheme -Integated Child Devolopment Scheme (ICDS) എന്ന ഹെഡിനു കീഴെ 11,86,732/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ 13,86,732/- രൂപയാണ് യഥാർത്ഥത്തിൽ ബാധ്യതയായി വരേണ്ടതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി (2015-16 ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം) | 8,74,809/- |
| തൻവർഷ വരവ് (2016-17 RP-31 പ്രകാരം) | 9,76,401/- |
| ആകെ | 18,51,210/- |
| ചെലവ് (2016-17 I-6 പ്രകാരം) | 4,64,478/- |
| നീക്കിബാക്കി | 13,86,732/- |
| നീക്കിബാക്കി (2016-17 ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം) | 11,86,732/- |

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.4 പ്രകാരം Beneficiary Contributions എന്ന ഹെഡിനു കീഴെ 1,09,421/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. മുൻവർഷ ബാലൻസ് ഷീറ്റിലും ഇതേ തുക ബാധ്യതയായി കാണിച്ചിരിക്കുന്നു.

4. ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.7 പ്രകാരം ഈയിനത്തിലുള്ള ബാധ്യതയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.

5. അഡ്വാൻസ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.18 പ്രകാരം ഈയിനത്തിൽ ആസ്തിയായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.

6. ഡി.&ഒ ലൈസൻസ് രജിസ്റ്ററിൽ 2016-17 സാമ്പത്തിക വർഷം ലഭിച്ച അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.9 പ്രകാരം ഈയിനത്തിലുള്ള ബാധ്യതയുടെ (37,950/- രൂപ) കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.

7. റെന്റ് രജിസ്റ്റർ പ്രകാരം ബിൽഡിംഗ് റെന്റ് കുടിശ്ശിക ഇനത്തിൽ 49532/- രൂപ ഡിമാന്റുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ 2015-16 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം ഈയിനത്തിലുള്ള ബാധ്യത26,294/- രൂപ മാത്രമാണെന്ന് കാണുന്നു.

8. റെന്റ് രജിസ്റ്റർ പ്രകാരം ബിൽഡിംഗ് റെന്റ് കുടിശ്ശിക ഇനത്തിൽ 12,374/- രൂപയും, തൻവർഷത്തെ റെന്റ് ഇനത്തിൽ 10,331/- രൂപയും കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ 2016-17 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം ഈയിനത്തിൽ കിട്ടാനുള്ളതായി കാണിച്ചിരിക്കുന്ന തുക 97/- രൂപ മാത്രമാണെന്ന് കാണുന്നു.

9. ട്രേഡേഴ്സിന്റെ പ്രൊഫെഷൻ ടാക്സ് രജിസ്റ്റർ പ്രകാരം പ്രൊഫെഷൻ ടാക്സ് ഇനത്തിൽ 34,010/- രൂപ കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ 2016-17 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം ഈയിനത്തിൽ തുകയൊന്നും തന്നെ കിട്ടാനുള്ളതായി കാണിച്ചിട്ടില്ല.

10. എംപ്ലോയീസിന്റെ പ്രൊഫെഷൻ ടാക്സ് രജിസ്റ്റർ പ്രകാരം പ്രൊഫെഷൻ ടാക്സ് ഇനത്തിൽ 12,800/- രൂപ കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ 2016-17 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം ഈയിനത്തിൽ തുകയൊന്നും തന്നെ കിട്ടാനുള്ളതായി കാണിച്ചിട്ടില്ല.

11. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം വസ്തു നികുതി, ലൈബ്രറി സെസ് ഇനത്തിൽ 2016-17 സാമ്പത്തിക വർഷാവസാനം ലഭിക്കാനുള്ള തുക സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | അടിസ്ഥാന രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| വസ്തുനികുതി അരിയർ | 10737679/- | 10736994/- |
| വസ്തുനികുതി തൻവർഷം | 32,56,577/- | 32,56,537/- |
| ലൈബ്രറി സെസ് | 6,99,713/- | 7,12,482/- |

12. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 51000 (15-16 ൽ ലഭിച്ച തുകയിൽ നിന്നുള്ള ചെലവ്) | സാന്ത്വനപരിചരണം | 51000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 299000 | പാലിന് സബ്സിഡി | 299000 | |
| ജില്ലാ പഞ്ചായത്ത് | 2016-17 | 900000 | വൈദ്യുത ലൈൻ നീട്ടൽ | - | 900000 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്.ഇ.ബി | വൈദ്യുതിലൈൻ നീട്ടൻ | 900000 | 900000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | തുക | തുക ഒടുക്കിയ വ്യക്തി | രസീത് നം/ തീയതി |
|---|---|---|---|---|
| 2013-14 | ഖണ്ഡിക2(1) | 189 | ശരത്ത് ലാൽ | 1160110 2504/28.10.16 |
| 2013-14 | ഖണ്ഡിക2(1) | 171 | ശങ്കരൻ | 1160110 2505/28.10.16 |
| 2013-14 | ഖണ്ഡിക2(1) | 128 | മായ | 1160110 2506/28.10.16 |
| 2013-14 | ഖണ്ഡിക2(1) | 181 | സലീം | 11601102519/28.10.16 |
| 2013-14 | ഖണ്ഡിക2(1) | 108 | ഔസേഫ് പൈലി | 116011 2532/28.10.16 |
| 2014-15 | ഖണ്ഡിക2(1) | 136 | വിനോദ് | 116011 2227/16.01.17 |
| 2014-15 | ഖണ്ഡിക2(1) | 107 | ജോൺ.കെ.എ | 116011 2251116.1.17 |
| 2014-15 | ഖണ്ഡിക2(1) | 91 | സജീവ് ലാൽ | 116011 2541/16.1.17 |
| 2014-15 | ഖണ്ഡിക2(1) | 178 | സുബൈയർ | 116011 2549/16.1.17 |
| 2014-15 | ഖണ്ഡിക2(1) | 87 | സുബ്രമ്മണ്യൻ | 116011 2554/16.1.17 |
| 2014-15 | ഖണ്ഡിക2(1) | 177 | ദയാ ബാബു | 116011 2596/16.1.17 |
| 2014-15 | ഖണ്ഡിക2(1) | 187 | വൽസൻ | 116011 2613/5.11.16 |
| 2014-15 | ഖണ്ഡിക2(1) | 129 | വർഗ്ഗീസ് | 116011 2645/14.11.16 |
| 2013-14 | ഖണ്ഡിക2(1) | 141 | ഷൈജു.കെ.പി | 116011 3014/14.12.16 |
| | ആകെ | 2010 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58674195/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47941640/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 22201/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1396414/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 15951 | | ശ്രീ. ജയറാം നായ്ക്കൻ, അസിസ്റ്റന്റ് സെക്രട്ടറി – 8209/-<br>ശ്രീ. പി. വി. മണിയപ്പൻ, സെക്രട്ടറി – 7742 |
| 2-4-1 (എ) | 2500 | | ശ്രീ. ജയറാം നായ്ക്കൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 2-4-1 (ബി) | 3750 | | ശ്രീ. അജ്മൽ, സെക്രട്ടറി |
| 3-2 | | 7000 | ശ്രീ. പി. വി. മണിയപ്പൻ, സെക്രട്ടറി |
| ആകെ | 22201 | 7000 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 12183 | ശ്രീ. മണിയപ്പൻ, സെക്രട്ടറി |
| 3-7 | 37000 | ശ്രീ. സജിത. എസ്, വി.ഇ.ഒ (25000/-)<br>ശ്രീ. ജയറാം നായ്ക്കൻ, അസിസ്റ്റന്റ് സെക്രട്ടറി (12000/-) |
| 3-8 | 214385 | ഡോ. ദിവ്യ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| | 151280 | ഡോ. രാജേശ്വരി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | 121401 | ഡോ. അരുൺ മിത്ര, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-9 | 900 | ഡോ. അരുൺ മിത്ര, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-10 | 179265 | ശ്രീ. ജയറാം നായ്ക്കൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 500000 | ശ്രീ. അജ്മൽ. എ. ജെ, സെക്രട്ടറി |
| 3-15 | 180000 | ഡോ. അരുൺ മിത്ര, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 1396414 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മണിയപ്പൻ, സെക്രട്ടറി | സെക്രട്ടറി,<br>അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | മണിവർണ്ണം,<br>എഴുപുന്ന.പി.ഒ,<br>ചേർത്തല |
| ജയറാം നായ്ക്കൻ<br>അസി.സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് | തേരകത്ത് പറമ്പിൽ,<br>കുത്തിയതോട്.പി.ഒ<br>ചേർത്തല |
| അജ്മൽ.എ.ജെ,<br>സെക്രട്ടറി | സെക്രട്ടറി,<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് | ഐക്കര പുത്തൻവീട്,<br>കരുനാഗപ്പള്ളി.പി.ഒ,<br>കൊല്ലം |
| ഡോ. അരുൺ മിത്ര,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി പാണാവള്ളി | വെളുത്താറ വീട്,<br>അരൂക്കുറ്റി. പി. ഒ,<br>ചേർത്തല |
| സജിത, വി. ഇ. ഒ | വി.ഇ.ഒ, പാണാവള്ളി | പുതിയാട്ട്,<br>കെ.ആർ. പുരം. പി. ഒ,<br>ചേർത്തല |
| ഡോ. ദിവ്യ,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | മെഡിക്കൽ ഓഫീസർ, ആയുർവേദം,<br>പാണാവള്ളി | താണിപ്പറമ്പ്,<br>പുല്ലാർദേശം റോഡ്,<br>പള്ളുരുത്തി |
| ഡോ. രാജേശ്വരി,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ,<br>പാണാവള്ളി | ശങ്കരം, സി.എം.സി- 9,<br>ചേർത്തല. പി. ഒ,<br>688624 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ 5-832/11 തീയതി. 31.01.2015 |
| 2006-07 | എൽ.എഫ്. പി 9-279/11 തീയതി. 11.08.11/05.09.11 |
| 2007-08 | എൽ.എഫ്.പി 9-280/11 തീയതി. 11.08.11/05.09.11 |
| 2008-09 | എൽ.എഫ്.പി 9-491/12 തീയതി. 16.07.12/08.08.12 |
| 2009-10 | എൽ.എഫ്.പി 9-491/12 തീയതി. 16.07.12/08.08.12 |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പി 9-1097/13 തീയതി. 15.03.14/13.06.14 |

| | |
|---|---|
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി9-1579/15 തീയതി.23.12.15/30.12.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി9-825/16 തീയതി.28.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി9-21/2017 തീയതി.12.01.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# അനുബന്ധം.1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എ.എൽ.പി-പി 9-1116/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ - 0477-2252753,
ഇ-മെയിൽ - ddhglfalpy@gmail.com
തീയതി - 22.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ **പാണാവള്ളി** ഗ്രാമപഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പാണാവള്ളി** ഗ്രാമപഞ്ചായത്തിന്റെ **2016-17** ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

KSA-ALP-P9-1116/17

Kerala State Audit Department,

District Audit Office, Alappuzha,
Ph : 0477-2252753,
E-mail : ddhglfalpy@gmail.com
Date: 22.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Panavally** Grama panchayat in Alappuzha district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Panavally** Grama panchayat for the year **2016-17** except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department,
Alappuzha,